# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലന കേന്ദ്രം (ബുള്ളറ്റിൻ നവംബർ 2015)

Ph : 0490 2344430, E-mail : catechesistly@gmail.com

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
(ലൂക്ക 2:52)

### 1. മതാധ്യാപകദിനം

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 8-ാം തീയതി മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ കൊടുക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർമാർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

### 2. ഡയറക്ടേഴ്സ് മീറ്റ്

തലശ്ശേരി അതിരൂപതയുടെ സാമന്തരൂപതകളിലെ വിശ്വാസപരിശീലന ഡയറക്ടർമാരുടെ യോഗം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ നവംബർ 18-ാം തീയതി സന്ദേശഭവനിൽ കൂടുന്നു.

### 3. ജനറൽ / മോഡൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ഇരുപത് ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ നവംബർ മാസം പ്രസിദ്ധീകരിക്കുന്നതായിരിക്കും. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ 4-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽ നിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കണ്ടതാണ്.

### 4. ക്രിസ്മസ് പരീക്ഷ

ക്രിസ്മസ് പരീക്ഷ ഡിസംബർ 20ന് ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട ഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11വരെയുള്ള അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 7-12 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 2: 3-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ<br>7-12 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 5. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

2015-16 അധ്യയന വർഷം ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികളുടെ രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിൽ കൃത്യമായി പൂരിപ്പിച്ച് 2 കോപ്പികൾ നവംബർ 20-ന് മുമ്പ് ഓഫീസിൽ എത്തിക്കുക. കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ഒറിജിനൽ കോപ്പി എഴുതുന്നതിനുമുമ്പ് കുട്ടികളെ കാണിച്ച് തിരുത്തലുകൾ വരുത്തേണ്ടതാണ്. ഇതേ വിവരങ്ങൾ തന്നെയായിരിക്കണം വെബ്സൈറ്റിലും ചേർക്കണ്ടത്. പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്ട്രേഷൻ ഫോം കൃത്യസമയത്ത് നൽകുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ അയച്ചു തരുകയുള്ളു. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. ശ്രദ്ധിക്കുക: സ്റ്റാർചിഹ്നം കൊടുത്തിരിക്കുന്ന കോളത്തിൽ എഴുതാൻ പാടില്ല.

**6. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്**

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2016 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. കൂടാതെ ഈ വർഷത്തെ റെഗുലർകുട്ടികളുടെ രജിസ്റ്റർ നമ്പറിനു താഴെ രണ്ട് കോളം വിട്ടതിനുശേഷം ഇംപ്രൂവ്മെന്റ് നടത്തുന്ന കുട്ടികളുടെ പേര് ചേർക്കുകയും റിമാർക്ക് കോളത്തിൽ ഇംപ്രൂവ്മെന്റ് എന്ന് എഴുതുകയും ചെയ്യണം. ഇക്കാര്യം പള്ളിയിൽ നേരത്തെ അറിയിച്ച് രജിസ്ട്രേഷന് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

**7. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡന്റ്സ്**

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ ആയിരിക്കുന്ന ഇടവകയിൽ നിന്ന് വേദപാഠ പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഈകാര്യത്തെകുറിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ റെഗുലർ കുട്ടികളോടൊപ്പം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിൽ ചേർക്കേണ്ടതാണ്. അവരും അസൈൻമെന്റ് എഴുതേണ്ടതാണ്.

**8. ധ്യാനം : ക്ലാസ് XII (*TESTES DOMINI*) നവംബർ 13-15**

അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ അറിയിച്ചിരുന്നതുപോലെ പഠനത്തിന്റെ ഭാഗമായി XII-ാം ക്ലാസിലെ കുട്ടികളെ 'കർത്താവിന് സാക്ഷികളായിത്തീരുവാൻ' ഒരുക്കുന്നതിനുവേണ്ടി ഈ വർഷം മദർ ഹോമിൽവച്ച് ***TESTES DOMINI*** എന്ന പേരിൽ പൊതുവായ ധ്യാനമാണുള്ളത്. അടുത്ത ധ്യാനം **നവംബർ 13,14,15 തീയതികളിലായി പേരാവൂർ, വായാട്ടുപറമ്പ്, തോമാപുരം** തുടങ്ങിയ ഫൊറോനകളിലെ കുട്ടികൾക്കായി മദർ ഹോമിൽ വച്ച് നടത്തുന്നു. **13ന് വെള്ളിയാഴ്ച രാവിലെ 9.30ന് ആരംഭിച്ച് 15ന് 1 മണിക്ക് ധ്യാനം അവസാനിക്കും.** ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലെയും കുട്ടികളെ ധ്യാനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ധ്യാനഫീസ് 300 രൂപ. ഹെഡ്മാസ്റ്റർമാർ ഈ വിവരം കുട്ടികളെ നേരത്തെ അറിയിച്ച് ധ്യാനത്തിനായ് അവരെ ഒരുക്കുമല്ലോ. എല്ലാ കുട്ടികളും നിർബന്ധമായും ഈ ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. കൂടാതെ ധ്യാനം സംബന്ധിച്ചുള്ള വിവരങ്ങൾ പള്ളിയിൽ മാതാപിതാക്കന്മാരെകൂടി അറിയിക്കാൻ ബഹു. വികാരിയച്ചന്മാരെ ഓർമ്മപ്പെടുത്തുകയും ചെയ്യുക.

**9. രാജത്വതിരുനാൾ - നവംബർ 22**

മിശിഹായുടെ രാജത്വതിരുനാൾ ദിനമായ നവംബർ 22-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**10. സീറോമലബാർ പ്രതിഭാസംഗമം 2015**

2015 ഡിസംബറിൽ മൗണ്ട് സെന്റ് തോമസിൽവച്ച് നടക്കുന്ന പ്രതിഭാസംഗമത്തിലേക്ക് ആലക്കോടുവച്ച് നടന്ന ഏകദിനശില്പശാലയിൽനിന്ന് മാർട്ടിൻ അള്ളുംപുറത്ത് (ഉദയഗിരി), അരുൺ കുരീക്കാട്ടിൽ (കുട്ടാപറമ്പ്), അലീന കല്ലോലിക്കൽ (വിജയഗിരി) അലീന തെക്കേൽ (ഉദയഗിരി) എന്നീകുട്ടികളെ തിരഞ്ഞെടുത്തു.

**11. കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർവില, ബുള്ളറ്റിൻ**

2015-2016 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, അതിരൂപതാ ബുള്ളറ്റിൻ എന്നിവയുടെ തുകകൾ നവംബർ 30ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന പുതിയ അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**12. വെബ് സൈറ്റ് (catechismthalassery.org)**

വിശ്വാസ പരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ് സൈറ്റിൽ മുഴുവൻ അധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങളും ഓണപരീക്ഷയുടെ മാർക്കും (out of 100) ചേർക്കേണ്ടതാണ്.

**13. ഡയറക്ടറച്ചന്റെ സന്ദർശനം**

മാമ്പൊയിൽ, തളിപ്പറമ്പ്, പുന്നക്കുന്ന്, ആനമഞ്ഞൾ എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ